പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ. 7146 — 11.07.2014 ൽ മറുപടിക്ക്

## കാസർഗോഡ് ഇ-മണൽ സംവിധാനം

ചോദ്യം — ഉത്തരം

ശ്രീ.കെ.കുഞ്ഞിരാമൻ : (ഉദുമ)

ശ്രീ .അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ കുറഞ്ഞ ചെലവിൽ ആവശ്യക്കാർക്ക് മണൽ ലഭ്യമാക്കുന്നതിന് ഇ-മണൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിലൂടെ മണൽ കിട്ടാതെ സാധാരണക്കാർ ബുദ്ധിമുട്ടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. |
| (സി) | മണൽ മാഫിയകളുടെ ചൂഷണത്തിൽ നിന്ന് സാധാരണക്കാരെ രക്ഷിക്കുന്നതിന് നല്ല രീതിയിൽ തുടങ്ങിയ ഇ-മണൽ സംവിധാനം ഫലപ്രദമാകാതെ പോയ സാഹചര്യം എന്താണെന്ന് വിശദമാക്കാമോ ; | (സി) | മണൽ ലഭ്യതയിലുണ്ടായ കുറവും പരിസ്ഥിതി ക്ലിയറൻസ് കിട്ടാനുണ്ടായ കാലതാമസവുമാണ്. |
| (ഡി) | ഇ-മണൽ സംവിധാനത്തിൽ ജില്ലയുടെ എല്ലാ മേഖലകളിൽ നിന്നും കിട്ടുന്ന മണലുകളെല്ലാം ഇതിന്റെ കീഴിലാക്കി സാധാരണക്കാർക്ക് കുറഞ്ഞ ചെലവിൽ മണൽ ലഭ്യമാക്കുന്നതിനായി ഈ സംവിധാനം കാര്യക്ഷമമാക്കുന്ന നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ഡി) | തുറമുഖ വകുപ്പിന് കീഴിലുള്ള പോർട്ട് മണൽ ഇ-മണൽ സംവിധാനത്തിൽ കൊണ്ടു വരുന്ന വിഷയം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ